"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -ശ്രീമതി മിനി.ജി. കുറുപ്പ് മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No:1619/2020 കേസിലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

G.O.(Rt)No.748/2021/LSGD തീയതി,തിരുവനന്തപുരം, 23/03/2021

---

പരാമർശം:- 1. 30.6.2012-ലെ G.O. (Ms) No. 181/2012/LSGD ഉത്തരവ്

2. 08.08.2012 -ലെ G.O.(Ms)No.216/2012/LSGD ഉത്തരവ്
3. 03.06.2013-ലെ G.O.(Ms)No.59/2013/F&WLD ഉത്തരവ്
4. 01.06.2013-ലെ G.O. (MS) No. 201/2013/LSGD 01/06/2013 ഉത്തരവ്

5. ശ്രീമതി മിനി.ജി. കുറുപ്പ് മുതൽ പേർ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 19.10.2020-ലെ നിവേദനം.

6. ശ്രീമതി മിനി.ജി. കുറുപ്പ് മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No:1619/2020 കേസിലെ 11/12/2020-ലെ വിധി ന്യായം.

7 കില ഡയറക്ടർ ജനറലിന്റെ 16.11.2020, 09.03.2021 എന്നീ തീയതികളിലെ കില-2020/101/4431/എച്ച്.ക്യു. നമ്പർ കത്തുകൾ.

8. 22.12.2020-ലെ G.O.(Ms)No.192/2020/LSGD ഉത്തരവ്
9. 19.02.2021-ലെ G.O.(Ms)No.56/2021/LSGD ഉത്തരവ്

10. ഗ്രാമ വികസന കമ്മീഷണറുടെ 29.01.2021, 17.03.2020 എന്നീ തീയതികളിലെ 11370/എച്ച്.& റ്റി.3/20/സി.ആർ.ഡി. നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

അഹാഡ്സ് നിർത്തലാക്കിയ സമയത്ത് വിവിധ തസ്തികകളിൽ അഹാഡ്സിൽ ജോലി ചെയ്തിരുന്ന ശ്രീമതി മിനി.ജി. കുറുപ്പ് മുതലായ 16 പേർ തങ്ങൾക്ക് പുനർ നിയമനം നൽകണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM) No:1619/2020 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പരാമർശം (6)

പ്രകാരമുള്ള ബഹു. ട്രിബ്യൂണൽ വിധി പ്രകാരം, പരാതിക്കാരെയോ അവരുടെ പ്രതിനിധിയെയോ നേരിലോ വീഡിയോ കോൺഫറൻസ് മുഖേനയോ കേൾക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ പരാമർശം (5)-ലെ 19.10.2020-ലെ നിവേദനത്തിന്മേൽ മൂന്നു മാസത്തിനകം തീരുമാനമെടുക്കുവാനും ഉത്തരവായിരുന്നു.

2) പരാതിക്കാരുടെ 19.10.2020-ലെ നിവേദനത്തിൽ, പരാതിക്കാരുടെ അഹാഡ്സിലെ സേവനവും യോഗ്യതയും പരിഗണിച്ച് അവരെ വിവിധ സർക്കാർ വകുപ്പുകളിൽ പുനർവിന്യസിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. സർക്കാർ അംഗീകരിച്ച തസ്തികകളിൽ നിയമിതരായവരാണെന്നും പട്ടികവർഗവിഭാഗത്തിൽപ്പെടുന്നില്ലെന്ന കാരണത്താൽ തങ്ങളെ മാറ്റി നിർത്തുന്നത് ശരിയല്ലെന്നും നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു.

3) പരാമർശം (7) പ്രകാരമുള്ള കില ഡയറക്ടർ ജനറലിന്റെ റിപ്പോർട്ടിൽ പരാതിക്കാരെല്ലാം ജനറൽ-ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരാണെന്നും അഹാഡ്സിനെ ഉപാധികളില്ലാതെയാണ് കിലയിൽ ലയിപ്പിച്ചതെന്നും ഇതിനായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പരാമർശം (10) പ്രകാരം സി.ആർ.ഡി. ലഭ്യമാക്കിയ റിപ്പോർട്ടിൽ അഹാഡ്സിലെ മുൻ ജീവനക്കാരെ സംബന്ധിക്കുന്ന ഫയലുകൾ ലഭ്യമല്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ലെന്നും അറിയിച്ചിരുന്നു.

4) ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ, 24/02/2021-ന് 3.00 മണിക്ക് പ്രസ്തുത പരാതിക്കാരെ വീഡിയോ കോൺഫറൻസ് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കേൾക്കുകയുണ്ടായി. പരാതിക്കാർക്കുവേണ്ടി ഹാജരായ ശ്രീമതി. ജയശ്രീ.കെ.എം. അഹാഡ്സിൽ ജോലി ചെയ്തുവരാണ് തങ്ങളെന്നും അഹാഡ്സിനു വേണ്ടി അനുവദിച്ച തസ്തികകളിലാണ് ഇവർ ജോലി ചെയ്തിരുന്നത്. ജോലി ചെയ്തുവരവേ "പരിസ്ഥിതി പുന: സ്ഥാപന പദ്ധതി" (CCPRM) എന്ന പദ്ധതിക്കായുള്ള ധനസഹായം നിലയ്ക്കുകയും പദ്ധതി അവസാനിക്കുകയും ചെയ്തു. എങ്കിലും ശമ്പളമില്ലാതെ പദ്ധതിയുടെ ആവശ്യങ്ങൾക്കായി ഒരു വർഷത്തോളം ജോലിയിൽ തുടർന്ന ഇവർക്ക് യാതൊരു അറിയിപ്പുമില്ലാതെ ജോലി അവസാനിപ്പിക്കേണ്ടി വന്നു എന്നും തുടർന്ന് അഹാഡ്സ്-CCPRM -നെ കിലയിൽ ലയിപ്പിച്ചുവെങ്കിലും ഈ 16 പേർക്ക് നീതി ലഭിച്ചില്ലെന്നും അഹാഡ്സിലെ SC/ST വിഭാഗത്തിൽപ്പെട്ടവർക്ക് ജോലി ലഭിച്ചെങ്കിലും ജനറൽ വിഭാഗത്തിൽപ്പെട്ട ഈ 16 പേർ ഇപ്പോഴും അവഗണിക്കപ്പെട്ട അവസ്ഥയിലാണ് എന്നും വിശദീകരിച്ചു. 16 പേരിൽ 11 പേർ 50 വയസ്സിനു മുകളിൽ പ്രായമുള്ളവരാണെന്നും പുനർ നിയമനം നൽകുകയാണെങ്കിൽ ഇവരുടെ അഹാഡ്സിലെ സേവനം കൂടി കണക്കിലെടുക്കണമെന്നും ഇവരുടെ സർവ്വീസ് ബുക്ക് കിലയിൽ സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചു. അഹാഡ്സ് നിർത്തലാക്കിയ സമയത്ത് Deployment സാധ്യമായിരുന്നുവെന്നും 12 പേരെ നിലനിർത്തിയതായും തങ്ങൾക്കു മാത്രം പുനർനിയമനം ലഭിച്ചില്ലെന്നും ശ്രീമതി. ജയശ്രീ അറിയിച്ചു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അഹാഡ്സിന്റെ തുടർപ്രവർത്തനങ്ങൾ നിർത്തലാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നുവെങ്കിലും അഹാഡ്സിന്റെ ബാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടത്തിപ്പിനുമായി സർക്കാർ ചുമതലപ്പെടുത്തിയ അഹാഡ്സിന്റെ

പ്രോജക്ട് ഡയറക്ടർ 12 പേരെ ഇതിന് വേണ്ടി നിയമിച്ചതായും ബാക്കി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോയതായും മനസ്സിലാക്കുന്നതായും പക്ഷേ ഇതിൽ 16 പേർ ഉൾപ്പെട്ട വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും പരാമർശം (7) പ്രകാരം കില ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരാമർശം (4) പ്രകാരം, അഹാഡ്സ് സ്ഥാപനം പിന്നീട് അഹാഡ്സ്-സിസിപിആർഎം സൊസൈറ്റിയായി രൂപീകരിക്കുകയും പ്രസ്തുത സൊസൈറ്റി പിരിച്ച് വിട്ട് ഉപാധികളില്ലാതെ കിലയിൽ ലയിപ്പിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തു. 2017-ൽ കിലയിൽ ലയിപ്പിച്ചപ്പോൾ യാതൊരു രേഖകളും ഔദ്യോഗികമായി കിലയുടെ ഉദ്യോഗസ്ഥരെ ഏൽപ്പിച്ചിരുന്നില്ല. കില suo-moto ആയാണ് ഈ പ്രവർത്തനങ്ങൾ തുടങ്ങിയത്. ആയത് കൊണ്ട് 2012 മുതൽ 2017 വരെ അഹാഡ്സിന്റെയോ അഹാഡ്സ്-സിസിപിആർഎം സൊസൈറ്റിയുടെയോ നടന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് രേഖകൾ ഒന്നും ലഭ്യമായിട്ടില്ല. ആയത് കൊണ്ട് തന്നെ പ്രോജക്ട് ഡയറക്ടർ നിയോഗിച്ചു എന്ന് പറയപ്പെടുന്ന 12 പേരുടെയോ 16 പേരുടേയോ നിയമനത്തെക്കുറിച്ച് രേഖകൾ ലഭ്യമായിട്ടില്ല എന്നും കില ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ അഹാഡ്സ് - സിസിപിആർഎം സൊസൈറ്റി കിലയിൽ ലയിപ്പിച്ച സമയത്ത് അഹാഡ്സിന്റെയോ അഹാഡ്സ്- സിസിപിആർഎം സൊസൈറ്റിയുടെയോ ഒരു ജീവനക്കാരെപ്പോലും കിലയിൽ നിയമിച്ചിട്ടില്ല. രണ്ട് സ്ഥാപനങ്ങളും വ്യത്യസ്ത പ്രവർത്തന സ്വഭാവമുള്ളത് തന്നെയാണ് പ്രധാന കാരണം എന്നും കില ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6) പരാമർശം (2) ഉത്തരവ് പ്രകാരം അഹാഡ്സിലെ ആദിവാസി ജീവനക്കാരെ പാലക്കാട് ജില്ലയിലെ ഹോംഗാർഡ്സ്, ഫോറസ്റ്റ് ഗാർഡ്, എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകളിൽ പരമാവധി നിയമിക്കുവാൻ അതതു വകുപ്പുകൾക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ, 91 പേർക്ക് പരാമർശം (3) പ്രകാരം ഫോറസ്റ്റ് ഗാർഡായി വനം വകുപ്പിൽ ജോലി നല്കിയിരുന്നു. തുടർന്ന് WP(C)No.7225/2020 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 10.03.2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം അഹാഡ്സിൽ ജോലി ചെയ്തിരുന്ന എസ്.സി. വിഭാഗത്തിലെ 13 പേർക്ക് സർക്കാർ സർവീസിൽ നിയമനം നല്കുന്നതിന് ഉത്തരവായിരുന്നു. M.A.1052/2020 in O.A.(EKM)No. 965/2020 എന്ന കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.08.2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (9) പ്രകാരം അഹാഡ്സിൽ ജോലി ചെയ്തിരുന്ന എസ്.ടി. വിഭാഗത്തിലെ 32 പേർക്കും സർക്കാർ സർവീസിൽ നിയമനം നല്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

7) പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലും അട്ടപ്പാടിയുടെ പ്രത്യേക സാഹചര്യം പരിഗണിച്ചും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലുമാണ് എസ്.സി. - എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് മേൽ പ്രകാരം നിയമനം നല്കിയത്. എന്നാൽ അഹാഡ്സിൽ ജോലി ചെയ്തിരുന്ന മറ്റു വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പുനർ നിയമിക്കുന്ന വിഷയം പരിഗണനയിലില്ലായിരുന്നു.

8) മേൽ സാഹചര്യത്തിൽ, അഹാഡ്സിൽ ജോലി ചെയ്തിരുന്ന മറ്റു വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പുനർ നിയമിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ അഹാഡ്സിലെ സേവനവും യോഗ്യതയും പരിഗണിച്ച് വിവിധ സർക്കാർ വകുപ്പുകളിൽ പുനർവിന്യസിക്കണമെന്ന പരാതിക്കാരുടെ പരാമർശം (5)-ലെ

നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No:1619/2020 നമ്പർ കേസിലെ 11/12/2020-ലെ ബഹു. ട്രിബ്യൂണൽ വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
DEPUTY SECRETARY

പകർപ്പ്
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.(ആമുഖ കത്ത് സഹിതം)

പരാതി കക്ഷികൾക്ക്.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി & എസ്എസ്എ / ഇ & ആർഎസ്എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature Not Verified
Digitally signed by MANJULA G
Date: 2021.03.23 15:11:09 IST
Reason: Approved

സെക്ഷൻ ഓഫീസർ